38 (540) കയർ വിപണനം ത്വരിതപ്പെടുത്തുന്നതിന് നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയറിന്റേയും കയർ ഉൽപ്പന്നങ്ങളുടെയും വിപണനം കൂടുതൽ ത്വരിതപ്പെടുത്തുന്നതിനും ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പൊതുവിപണിയിൽ നിന്നും തൊണ്ടു വാങ്ങി ഉൽപ്പാദനം നടത്തുമ്പോൾ കയർ സംഘങ്ങൾക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദാംശം സഹിതം വെളിപ്പെടുത്തുമോ;

(ഡി) കയർ തൊഴിലാളി ക്ഷേമനിധിബോർഡ് വഴി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും വിപണനം വർദ്ധിപ്പിക്കുന്നതിന് താഴെ സൂചിപ്പിച്ചിരിക്കുന്ന പ്രത്യേക നടപടികൾ സ്വീകരിച്ചു വരുന്നു.

1) വൈവിധ്യമാർന്ന പുതിയ കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും, അതുവഴി പുതിയ വിപണന മേഖല കണ്ടെത്തുന്നതിനും എൻ.സി.ഡി.സി.യുടെ സഹായത്തോടെ കയറുൽപ്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു.

2) കയർ ജിയോ ടെക്സ്റ്റയിൽസ് സാധ്യമായ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളിലും പ്രയോജനപ്പെടുത്തുന്നതിന് പരിഗണിക്കണമെന്ന് എല്ലാ പഞ്ചായത്തു പ്രസിഡന്റുമാരോടും അപേക്ഷിച്ചിട്ടുണ്ട്.

3) വിദേശവിപണി പരമാവധി പ്രയോജനപ്പെടുത്തി കൂടുതൽ കയറും കയറുൽപന്നങ്ങളും വിറ്റഴിക്കുവാനുള്ള നടപടികൾ കയർഫെഡും, ഫോം മാറ്റിംഗ്സ്(ഇൻഡ്യ) ലിമിറ്റഡും, കയർ കോർപ്പറേഷനും സ്വീകരിച്ചു വരുന്നു.

4) ആഭ്യന്തര വിപണിയിൽ പുതിയ വിപണന കേന്ദ്രങ്ങൾ തുടങ്ങാൻ കയർഫെഡും, കയർ കോർപ്പറേഷനും നടപടി സ്വീകരിച്ചു വരുന്നു. വ്യാപകമായ രീതിയിൽ പരസ്യപ്രചാരണങ്ങൾ നൽകാനും നടപടികൾ സ്വീകരിച്ചു. ഈ ആവശ്യങ്ങൾക്കായി നടപ്പു സാമ്പത്തികവർഷം ബഡ്ജറ്റിൽ 74.80 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്.

(സി) പൊതുവിപണിയിൽ നിന്നും തൊണ്ടു വാങ്ങി ഉൽപ്പാദനം നടത്തുമ്പോൾ കയർ സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന നഷ്ടം നികത്തുന്നതിനായി 1000 തൊണ്ടിനു പരമാവധി 150 രൂപ വരെ സബ്സിഡി നൽകുന്ന പദ്ധതി, ചകിരി വാങ്ങി ഉൽപ്പാദനം നടത്തുന്നതിന് സംഘങ്ങൾക്ക് കിന്റലിന് 150 രൂപ നിരക്കിൽ സബ്സിഡി നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

(ഡി) കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി കയർ തൊഴിലാളികൾക്കായി നടപ്പാക്കി വരുന്ന വിവിധ ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1989 സെപ്റ്റംബർ 30 വരെ 60 വയസ്സ് പൂർത്തിയായ കയർ തൊഴിലാളികൾക്കും ഭേദഗതിനിയമപ്രകാരം 1997 സെപ്റ്റംബർ 30 വരെ 60 വയസ്സ് പൂർത്തിയായ മുൻകയർ തൊഴിലാളികൾക്കും പെൻഷൻ നൽകി വരുന്നു. കൂടാതെ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി വിഹിതം അടച്ചുവരുന്ന തൊഴിലാളികൾക്ക് 60 വയസ്സ് തികയുന്ന മുറയ്ക്ക് അംഗത്വ പെൻഷൻ നൽകി വരുന്നു. മാസം 100 രൂപ നിരക്കിലാണ് പെൻഷൻ നൽകി വരുന്നത്. ക്ഷേമ നിധി അംഗം മരണപ്പെട്ടാൽ 75 രൂപ പ്രകാരം കുടുംബ പെൻഷൻ നൽകി വരുന്നു. മരണപ്പെട്ട അംഗത്തിന്റെ ഭാര്യയ്ക്കോ ഭർത്താവിനോ അവരുടെ അഭാവത്തിൽ പ്രായപൂർത്തിയാകാത്ത മക്കൾക്കോ കുടുംബ പെൻഷൻ നൽകുന്നു. ക്ഷേമനിധി അംഗമോ, അംഗത്തിന്റെ ആശ്രിതരോ മരണപ്പെട്ടാൽ ശവസംസ്ക്കാര സഹായധനം നൽകിവരുന്നു. ക്ഷേമനിധി അംഗമാകുന്ന സ്ത്രീ തൊഴിലാളികൾക്കും അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹധന സഹായം, സ്ത്രീ തൊഴിലാളികളായ അംഗങ്ങൾക്ക് പ്രസവാനുകൂല്യം, ചികിൽസാ സഹായമായി അംഗങ്ങൾക്ക് പരമാവധി 350 രൂപ, താൽക്കാലിക മോ സ്ഥിരമോ ആയ അംഗവൈകല്യം സംഭവിച്ച തൊഴിലാളികൾക്ക് ധന സഹായം, മെട്രിക്കുലേഷനു ശേഷം വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾക്ക് വർഷംതോറും നിശ്ചിത തുക വിദ്യാഭ്യാസ സഹായം, അപകട മരണം സംഭവിക്കുന്ന അംഗത്തിന്റെ ആശ്രിതർക്കുള്ള ധനസഹായം, ഇതിനു പുറമെ നിരാലംബരായ വൃദ്ധജനങ്ങളെ അധിവസിപ്പിക്കുന്നതിന് ഒരു വൃദ്ധസദനവും തൊഴിലാളികളുടെ മക്കൾക്ക് സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിന് ഒരു കംപ്യൂട്ടർ ട്രെയിനിംഗ് സെന്ററും ബോർഡ് നടത്തിവരുന്നു.

39 (541) കയറുല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. എം.എ. കുട്ടപ്പൻ :
ശ്രീ. എ.കെ. മണി :
ശ്രീമതി രാധാ രാഘവൻ :

ശ്രീ. ജോർജ്ജ് ജെ മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം എന്തു വിലയ്ക്കുള്ള കയറും കയറുല്പന്നങ്ങളും ഉണ്ടാക്കുന്നു;

(ബി) ഇതിൽ എന്തു വിലയ്ക്കുള്ള കയറും കയറുല്പന്നങ്ങളും സംസ്ഥാനത്തിനു പുറത്തു വില്ക്കുന്നു;

(സി) എന്തു തുകയ്ക്കുള്ള കയറും കയറുല്പന്നങ്ങളും കയറ്റുമതി ചെയ്യുന്നു;

(ഡി) ഏതെല്ലാം രാജ്യങ്ങളിലേയ്ക്കാണ് കയറും കയറുല്പന്നങ്ങളും കയറ്റി അയയ്ക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉദ്ദേശം 800 കോടിയോളം രൂപയുടെ കയറും കയറുല്പന്നങ്ങളും ഉണ്ടാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly